# മാറുന്ന നൈതികതത്ത്വങ്ങൾ

**നീതിക്ക്** ചില അടിസ്ഥാന തത്ത്വങ്ങളുണ്ട്. സുസ്ഥിരമായ മാനങ്ങളും മാനദണ്ഡങ്ങളുമുണ്ട്. മൗലികതത്ത്വങ്ങളും മാനങ്ങളും മാറ്റപ്പെട്ടാൽ നീതി, നീതിയല്ലാതാകും. നീതിയല്ലാത്തത് അനീതിയാണ്. സമത്വത്തിൽനിന്ന് ഏതെങ്കിലും വിഭാഗത്തെ മാറ്റിനിർത്തിയാൽ അത് അസമത്വവും വിവേചനവുമാകുന്നു. സ്വാതന്ത്ര്യം ചിലരിൽ പരിമിതമായാൽ അവിടെ അടിമത്തവും ഉടമത്തവും നടമാടുന്നു.

അവകാശബാധ്യതകളുടെ സന്തുലനമാണ് നീതി. ഒരു വിഭാഗത്തിന്റെ അവകാശത്തിനോ ബാധ്യതക്കോ മറു വിഭാഗത്തിന്റേതിനേക്കാൾ പരിഗണന ലഭിക്കുന്നിടത്ത് നടക്കുന്നത് നീതിയല്ല; നീതിനിഷേധമാണ്.

കുറ്റം ആരോപിക്കപ്പെട്ടു എന്നതുകൊണ്ട് മാത്രം ഒരാൾ ശിക്ഷിക്കപ്പെട്ടുകൂടാ എന്നത് നീതിയുടെ പ്രാഥമിക തത്ത്വമാണ്. കുറ്റം ചെയ്തിരിക്കുന്നു എന്ന് അസന്ദിഗ്ധമായി തെളിയിക്കപ്പെടുമ്പോഴേ ആരോപിതൻ കുറ്റവാളിയും ശിക്ഷാർഹനുമാകൂ. കുറ്റം തെളിയിക്കേണ്ടത് പ്രതിയല്ല; കുറ്റാന്വേഷകരാണ്. നിരപരാധിത്വം സ്ഥാപിക്കാനുള്ള അവകാശമാണ് പ്രതിക്കുള്ളത്. വാദിയും പ്രതിയും ഉന്നയിക്കുന്ന ന്യായങ്ങളും തെളിവുകളും പരിശോധിച്ച് തീർപ്പു കൽപിക്കാൻ ചുമതലപ്പെട്ട മഹത്തായ സ്ഥാപനമാണ് നീതിപീഠങ്ങൾ. ഒരാളിൽ കുറ്റം ആരോപിക്കുകയോ സംശയിക്കുകയോ ചെയ്യുന്നതോടെ അയാൾ കുറ്റവാളിയാകുന്നു എന്നു വന്നാൽ പിന്നെ കോടതികൾക്ക് പ്രസക്തിയില്ല.

കുറ്റം ചെയ്യാൻ ഉദ്ദേശിക്കുകയോ ആഗ്രഹിക്കുകയോ ചെയ്തു എന്നതുകൊണ്ടു മാത്രം ഒരാൾ കുറ്റവാളിയാകുന്നില്ല എന്നതും നൈതിക തത്ത്വമാണ്. കുറ്റകൃത്യത്തിലേർപ്പെടുന്നവൻ മാത്രമാണ് കുറ്റവാളി. ആഗ്രഹങ്ങളും അഭിലാഷങ്ങളും മനുഷ്യമനസ്സിൽ അനിഛയാ ഉളവായിക്കൊണ്ടിരിക്കും. അതൊരു കുറ്റകൃത്യമായി കണക്കാക്കിക്കൂടാ. ഒരാളുടെ കേവലമായ അഭിലാഷം മറ്റുള്ളവരുടെ അവകാശബാധ്യതകളെ അശേഷം ബാധിക്കുന്നുമില്ല. കൂടാതെ ഒരുവന്ന് കൃത്യമായി നിർണയിക്കാനുതകുന്നതല്ല അപരന്റെ മനോഗതം. ഒരു വ്യക്തിയുടെ കുറ്റത്തിന് അയാളുടെ കുടുംബവും ജാതിയും സമുദായവും- അവരതിന് ആ വ്യക്തിയെ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ- ശിക്ഷിക്കപ്പെട്ടുകൂടാ. ഏതെങ്കിലും മതദർശനത്തിലോ മതേതര ദർശനത്തിലോ ഉള്ള വിശ്വാസം ഒരാളിൽ കുറ്റം സ്ഥിരപ്പെടുത്താനുള്ള തെളിവാകുന്നില്ല. ഇതൊക്കെയും അനിഷേധ്യമായ നൈതിക തത്ത്വങ്ങളാണ്.

ഈ തത്ത്വങ്ങളെല്ലാം മാറിക്കൊണ്ടിരിക്കുകയാണിന്ന്. കുറ്റം സംശയിക്കപ്പെടുന്നവൻ, കുറ്റം തെളിയിക്കപ്പെട്ടില്ലെങ്കിലും, നിരപരാധിത്വം സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടാൽ കുറ്റവാളിയായി വിധിക്കപ്പെടാം. കുറ്റം ചെയ്യാൻ എപ്പോഴെങ്കിലും അഭിലഷിച്ചിട്ടുണ്ടെങ്കിൽ അതും ശിക്ഷാർഹമായ കുറ്റമാണ്. സംശയിക്കപ്പെടുന്നവരെ പിടികൂടാം. ആരോപിതമായ കുറ്റത്തിന് നിയമം അനുശാസിക്കുന്നതിനേക്കാൾ എത്രയോ കൂടുതൽ കാലം തടവിലിട്ടു പീഡിപ്പിക്കാം. അതിനിടയിൽ കൊല്ലപ്പെട്ടുവെന്നുവരാം. ദേശരക്ഷയുടെ പേരിൽ, ജനവികാരത്തിന്റെ പേരിൽ, ഭീകരതാവിരോധത്തിന്റെ പേരിൽ ഇതെല്ലാം നീതീകരിക്കപ്പെടുന്നു. നിരപരാധികൾ ശിക്ഷിക്കപ്പെടുക പണ്ടും സംഭവിക്കാറുണ്ട്. അതുപക്ഷേ കൊടിയ അനീതിയായി കണക്കാക്കപ്പെടുകയും പരക്കെ അപലപിക്കപ്പെടുകയും ചെയ്തിരുന്നു. ഇന്ന് അക്രമത്തെ നീതീകരിക്കുന്ന നിയമങ്ങൾ നിർമിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. 'പരിഷ്കൃതം' എന്നു വിശേഷിപ്പിക്കപ്പെടുന്ന നാടുകളാണതിന്റെ മുൻപന്തിയിലുള്ളത്. ഒന്നാം സ്ഥാനത്ത് ഏറ്റവും പരിഷ്കൃതമായ അമേരിക്കതന്നെ. ആ രാജ്യം അതിന്റെ 'പരിഷ്കൃതി'യുടെ വിശുദ്ധി കാത്തുസൂക്ഷിക്കാൻ ഒരു സൂത്രം കണ്ടെത്തിയിട്ടുണ്ട്. മൃഗീയ പീഡനങ്ങളും മനുഷ്യാവകാശ ധ്വംസനങ്ങളും നടത്താനുള്ള തടവറകൾ അമേരിക്കക്കു പുറത്ത് സ്ഥാപിക്കുക. ഗ്വാണ്ടനാമോ അതിൽ ആദ്യത്തേതാണ്. വിവിധ രാജ്യങ്ങളിൽ അമേരിക്ക ഇത്തരം പീഡനകേന്ദ്രങ്ങൾ സ്ഥാപിച്ചു നടത്തിവരുന്നുണ്ടെന്നാണ് വാർത്താമാധ്യമങ്ങൾ പറയുന്നത്. യൂറോപ്യൻ രാജ്യങ്ങൾ ഇക്കാര്യത്തിൽ അമേരിക്കയുടെ തൊട്ടു പിന്നിൽ തന്നെയുണ്ട്.

പടിഞ്ഞാറൻ നാടുകളിൽ വളർന്നുവരുന്ന ഈ പുതിയ നൈതിക സങ്കൽപത്തിന്റെ പ്രചോദനം ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള വിദ്വേഷമാണ്. പരിഷ്കൃത രാജ്യങ്ങളിൽ മുസ്‌ലിംവിദ്വേഷം രൂക്ഷമാകുന്നതായി ഈയിടെ മുസ്‌ലിം രാജ്യങ്ങൾ ഐക്യരാഷ്ട്ര സഭയിൽ പരാതിപ്പെടുകയുണ്ടായി. ഈ പരാതിയുടെ നിജഃസ്ഥിതി അന്വേഷിക്കാൻ യു.എൻ ഒരു പ്രതിനിധിയെ നിയോഗിച്ചു. യൂറോപ്യൻ നാടുകളിൽ പര്യടനം നടത്തിയ ശേഷം യു.എൻ പ്രതിനിധി ഡോഡോഡിൻ (Doudoudiene) സമർപ്പിച്ച റിപ്പോർട്ടിന്റെ ഉള്ളടക്കം വെളിപ്പെടുത്തപ്പെട്ടിട്ടില്ല. എങ്കിലും മുസ്‌ലിംരാജ്യങ്ങളുടെ പരാതി തികച്ചും ശരിയാണെന്നും യൂറോപ്പിൽ ഇസ്‌ലാമോഫോബിയ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നും യു.എൻ പ്രതിനിധി വ്യക്തമാക്കിയതായി *റോയിട്ടേഴ്സ്* റിപ്പോർട്ട് ചെയ്തിരുന്നു. മുസ്‌ലിംകളെ ലക്ഷ്യമാക്കിയുള്ള കരിനിയമങ്ങളും കിരാത നടപടികളും പൊതുവിൽ സ്വാഗതം ചെയ്യപ്പെടുകയാണ്. ഒരമേരിക്കൻ ജഡ്ജി ഗ്രിഗറി ഈയിടെ ഹാമിദ് എന്ന ഒരാൾക്ക് വധശിക്ഷ നൽകിയ വിധിന്യായത്തിൽ എഴുതി: "പ്രതിയിൽ ചുമത്തിയ കുറ്റങ്ങളിൽനിന്ന് അയാൾ മനുഷ്യജീവന്ന് തരിമ്പും വില കൽപിക്കുന്നില്ലെന്ന് വ്യക്തമാകുന്നു. ഈ തത്ത്വം മതത്തിന്റെ ഉൽപന്നമാണ്. അതിനാൽ ഇനി അമേരിക്ക ലക്ഷ്യമാക്കേണ്ടത് വ്യക്തികളെയല്ല, വിശ്വാസങ്ങളെയാണ്." പാശ്ചാത്യ പണ്ഡിതന്മാരുടെ പൊതുവായ ചിന്താഗതിയാണിത്. എഴുത്തുകാരിയായ മേരി ഹാബക്ക് (Marry Haback) തന്റെ 'നോയിംഗ് എനമി: ജിഹാദിസ്റ്റ് ഐഡിയോളജി ആന്റ് ദ വാർ ഓൺ ടെറർ' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: 'തീവ്രവാദികൾക്ക് പ്രചോദനം ലഭിക്കുന്നത് ഖുർആനിൽനിന്നും ഹദീസിൽനിന്നുമാണ്. ഇസ്‌ലാം പഠിപ്പിക്കുന്നത് തീവ്രവാദത്തിന്റെയും അസഹിഷ്ണുതയുടെയും ഭീകരതയുടെയും പാഠങ്ങളാണ്."

വാൾഡ്മാൻ എന്ന എഴുത്തുകാരൻ ഈയിടെ *അറ്റ്‌ലാന്റിക് മന്‌ത്‌ലി*യിൽ 'പ്രൊഫറ്റിക് ജസ്റ്റിസ്' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനം ശ്രദ്ധേയമാകുന്നു. അമേരിക്കയുടെ വിദേശനയവും പ്രതിരോധതന്ത്രവും മുൻകൂട്ടിയുള്ള ആക്രമണത്തിൽ (pre emptive strike) ഊന്നിക്കൊണ്ടുള്ളതാണ്. അതിൽ അവരുടെ ലക്ഷ്യം വ്യക്തികളല്ല; പ്രത്യുത വിശ്വാസങ്ങളാണ്. ഈ നിലപാട് അമേരിക്കൻ വ്യവസ്ഥയെ സമഗ്രമായി സ്വാധീനിച്ചിട്ടുണ്ട്. നീതിന്യായവും അതിൽനിന്ന് മുക്തമല്ല.

പാശ്ചാത്യ നാടുകളോളമില്ലെങ്കിലും നൈതിക തത്ത്വങ്ങളുടെ മാറ്റം ഇന്ത്യ പോലുള്ള നാടുകളെയും സ്വാധീനിച്ചുവരുന്നുണ്ട്. പല സമീപകാല സംഭവങ്ങളിലും അതിന്റെ ഉദാഹരണങ്ങൾ കാണാം. വിശ്വാസങ്ങളെയും സമുദായങ്ങളെയും ആസ്പദമാക്കി കുറ്റവാളികളെ കണ്ടെത്തുന്ന സമ്പ്രദായം ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുളവാക്കുന്നതാണ്. ഇത്തരം തന്ത്രങ്ങളാവിഷ്കരിക്കുന്നവർക്കു പോലും അതിന്റെ അപകടകാരിതയിൽനിന്ന് രക്ഷപ്പെടാനാവില്ല എന്നറിഞ്ഞിരിക്കുന്നത് നന്ന്. ●